ഉത്തരം

കഴിയുന്നതും വേഗം കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈറ തൊഴിലാളികൾക്കു പെൻഷൻ

575 [719] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈറ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇപ്പോൾ ഉദ്ദേശമൊന്നുമില്ല.

1982 മേയ് മുതൽ ഓരോ വർഷവും കർഷക തൊഴിലാളി പെൻഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

576 [721] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം 1982 മേയ് മുതൽ ഓരോ വർഷവും കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ലഭിച്ച അപേക്ഷകൾ എത്ര;

(ബി) ഇതിൽ എത്ര അപേക്ഷകൾ പരിഗണിക്കപ്പെട്ടു; വാർഷിക്കാടിസ്ഥാനത്തിൽ എത്രവീതം?

ഉത്തരം

(എ)	1982–83–ൽ	3,07,743	—
	1983–84 ,,	1,62,370	
	1984–85 ,,	60,645	
	1985–86 ,,	34,283	
	1986–87 ,,	4,156	
	(ജൂൺ മാസം 21–ാംതീയതി വരെ)		
(ബി)	1982–83	1,41,881	
	1983–84	84,549	
	1984–85	38,757	
	1985–86	23,005	
	1986–87	2,923	
	(ജൂൺ മാസം 21–ന് വരെ)		

LIBRARY ARCHIVES Kerala Legislative Assembly